**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4360** — **09-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടയം ലഭിച്ച ഭൂമിയിന്മേലുള്ള തർക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് താലൂക്കിൽ തെക്കിൽ വില്ലേജിൽ റീസർവ്വേ നമ്പർ 142/1-ൽ എൽ.എ./57/88 നമ്പർ പട്ടയ പ്രകാരം ശ്രീമതി യു. കെ. ആയിഷാബിക്ക് ലഭിച്ച ഭൂമിയിന്മേലുള്ള തർക്കം സംബന്ധിച്ച് സർവ്വേ വിജിലൻസ് പരിശോധന നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് താലൂക്കിൽ തെക്കിൽ വില്ലേജിൽ റീസർവ്വേ നമ്പർ 142/1-ൽ എൽ.എ./57/88 നമ്പർ പട്ടയ പ്രകാരം ശ്രീമതി യു. ബി.ആയിഷയ്ക്ക് ലഭിച്ച ഭൂമിയിന്മേലുള്ള തർക്കം സംബന്ധിച്ച് സർവ്വേ വിജിലൻസ് പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കാസർഗോഡ് താലൂക്കിൽ തെക്കിൽ വില്ലേജിൽ റീസർവ്വേ നമ്പർ 142/1-ൽ എൽ.എ./57/88 നമ്പർ പട്ടയ പ്രകാരം ശ്രീമതി യു. ബി. ആയിഷയ്ക്ക് ലഭിച്ച ഒരേക്കർ സ്ഥലത്തിൽ 12.04.2016 ന് താലൂക്ക് സർവ്വേയറിന്റെ നേതൃത്വത്തിൽ ഭൂമി സർവ്വേ ചെയ്ത് അളവിൽ മാറ്റം വരുത്തി 90 3/4 സെന്റ് ആക്കി തഹസിൽദാർക്ക് 04.05.2016-ന് L3-1052/16 നമ്പർ കത്ത് ആയി കൊടുത്തതായും പട്ടയഭൂമിയിൽ കുറവ് വരുത്തി സർക്കാർ ഭൂമിയായി K L C നടപടി സ്വീകരിക്കുവാൻ ഇടയായയത് സർവ്വെയറുടെ നടപടിമൂലമാണന്നതിനാലാണ് ടിയാന് എതിരെ നിയമ നടപടി സ്വീകരിക്കണമെന്ന് ശ്രീമതി യു. ബി. ആയിഷ പരാതി സമർപ്പിച്ചിരുന്നത്. പ്രസ്തുത പരാതിയിന്മേൽ കോഴിക്കോട് സർവ്വേ റീജിയണൽ ജോയിന്റ് ഡയറക്ടർ മുഖാന്തിരം നടത്തിയ സ്ഥലപരിശോധന അടക്കമുള്ള റിപ്പോർട്ടും ലഭ്യമായ റെക്കാർഡുകളും പരിശോധിച്ചാണ് സർവ്വേ വിജിലൻസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്; ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | തഹസിൽദാർക്ക് ഉചിതവും നിയമാനുസൃത വുമായ തീരുമാനം എടുക്കുന്നതിന് ഉതകുന്ന രീതി യിൽ വ്യക്തമായ റിപ്പോർട്ട് നൽകിയില്ല എന്നതി നാൽ ടിയാനെതിരെ നിയമാനുസൃത വകുപ്പ്തല അച്ചടക്ക നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ശുപാർശ ചെയ്തിരുന്നു. പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ ടിയാനെ ജില്ലാ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും റീ-സർവ്വേ എ.ഡി.യുടെ കാര്യാലയത്തിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഒരു ചെറിയ തർക്കമായിട്ട് പോലും നിയമാനുസൃതമായ തീരുമാനം എടുക്കാവുന്ന രീതിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ റിപ്പോർട്ട് നല്കാതിരുന്നതിനാൽ വൃദ്ധയായ ശ്രീമതി യു. കെ. ആയിഷാബിക്കും സർക്കാരിനും ഉണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | പരാതിക്ക് ആസ്പദമായ വിഷയത്തിൽ സർക്കാരിനോ, ശ്രീമതി ആയിഷാബിയ്ക്കോ, സാമ്പത്തിക നഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടില്ല. |
| (ഡി) | പ്രസ്തുത ഉദ്യോഗസ്ഥനെതിരെ വകുപ്പ് തല നടപടിക്ക് പുറമെ സർക്കാരിനും പാവപ്പെട്ട വൃദ്ധയായ സ്ത്രീക്കും ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം ടിയാനിൽ നിന്ന് ഈടാക്കി നൽകാനുള്ള നടപടിയും സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | പരാതിക്ക് ആസ്പദമായ വിഷയത്തിൽ സർക്കാരിനോ, ശ്രീമതി ആയിഷാബിയ്ക്കോ, സാമ്പത്തിക നഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ